**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2078** **01-09-2022 - ൽ മറുപടിയ്ക്ക്**

**വണ്ടൻമേട് സി.എച്ച്.സി.യിൽ ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷത്തിലെ എം.എൽ.എ. ആസ്തിവികസനഫണ്ടിൽ നിന്നും മണ്ഡലങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി 4 കോടി രൂപ മാറ്റിവച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 1555/2021/ ആ.കു.വ തീയതി 26.07.2021 ഉത്തരവ് പ്രകാരം 140 നിയോജക മണ്ഡലങ്ങളിലും ഓരോ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തി കൾക്കും മെഡിക്കൽ ഉപകരണങ്ങളും ഫർണിച്ചറുകളും ഉൾപ്പെടെ 1,79,06,995/- രൂപയാണ് ഓരോ ഐസൊലേഷൻ വാർഡിനും യൂണിറ്റ് കോസ്റ്റായി കണക്കാക്കിയിരിക്കുന്നത്. മേൽ ഉത്തരവ് പ്രകാരം ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനാവശ്യമായ തുക 50% കിഫ്ബി ഫണ്ടിൽ നിന്നും 50% എം.എൽ. എ ആസ്തി വികസന ഫണ്ടിൽ നിന്നും സംയുക്തമായാണ് വഹിക്കുന്നത്. |
| (ബി) | ഉടുമ്പൻചോല മണ്ഡലത്തിലെ വണ്ടൻമേട് സി.എച്ച്.സി. യിൽ ഇപ്രകാരമുള്ള ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 1555/2021/ ആ.കു.വ തീയതി 26.07.2021 ഉത്തരവ് പ്രകാരം ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് വണ്ടൻമേട് സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് പരിശോധന നടത്തിയ ശേഷം തിരഞ്ഞെടുത്ത പ്രദേശത്തെ മരങ്ങൾ മുറിച്ചു മാറ്റുകയും പദ്ധതി പ്രദേശം കൈമാറുകയും ചെയ്തു. നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | ആയതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കുവാനാകുമെന്നും അറിയിക്കാമോ? | (സി) | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തികൾക്ക് മെഡിക്കൽ സപ്പോർട്ട് ഉപകരണങ്ങളും ഫർണിച്ചറുകളും ഉൾപ്പെടെ 1,79,06,995/- രൂപയാണ് യൂണിറ്റ് കോസ്റ്റായി കണക്കാക്കിയിരിക്കുന്നത്. വണ്ടൻമേട് |

| | | | |
|---|---|---|---|
| | | | സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ബേസ്മെന്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ